# പതിമൂന്നാം കേരള നിയമസഭ

## നാലാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നമ്പർ : 531

06.03.2012-ൽ മറുപടിക്ക്.

## പുതിയ വ്യവസായ സംരംഭകർക്കുവേണ്ടിയുള്ള പദ്ധതികൾ

| ചോദ്യം | ഉത്തരം |
|---|---|
| ശ്രീ. ബി. സത്യൻ : | ശ്രീ. പി.കെ. കുഞ്ഞാലിക്കുട്ടി (വ്യവസായവും വിവരസാങ്കേതികവും നഗരകാര്യവും വകുപ്പുമന്ത്രി) |
| (എ) പുതിയ വ്യവസായ സംരംഭകർക്കുവേണ്ടി എന്തെല്ലാം പദ്ധതികളാണ് ഇപ്പോൾ നിലവിലുള്ളതെന്ന് വ്യക്തമാക്കുമോ ; | (എ) കെ.എസ്.ഐ.ഡി.സി വ്യവസായ നിക്ഷേപം ത്വരിതപ്പെടുത്താൻ വേണ്ടി അടിസ്ഥാന സൗകര്യ വികസനത്തിന് കൂടുതൽ പ്രധാന്യം നൽകുകയും കൂടാതെ കുറഞ്ഞ പലിശ നിരക്കിൽ വായ്പാ സൗകര്യം, വൻകിട പദ്ധതികൾക്ക് ഓഹരി മൂലധന നിക്ഷേപം, വിവിധ തരം ക്ലിയറൻസുകൾക്ക് ഏകജാലക സംവിധാനം തുടങ്ങിയവ നൽകി വരുന്നുണ്ട്.<br><br>2011-2012 കെ.എസ്.ഐ.ഡി.സി-യുടെ സുവർണ്ണ ജൂബിലി വർഷമായതിനാൽ ഈ കാലയളവിൽ കെ.എസ്.ഐ.ഡി.സി വ്യവസായ സംരംഭകർക്ക് നൽകുന്ന ലോണുകളുടെ പ്രോസസ്സിംഗ് ഫീസ് നിർത്തലാക്കിയും, പുതിയതായി തുടങ്ങുന്ന യൂണിറ്റുകൾക്ക് 1% പലിശ ഇളവ് നൽകിയും, നിലവിലുള്ള ലോണുകളിൽ കൃത്യമായ തിരിച്ചടവ് നടത്തുന്നവർക്ക് 0.5% സ്പെഷ്യൽ റിബേറ്റ് ഏർപ്പെടുത്തിയും, സംസ്ഥാനത്തി--ലേക്ക് വിദേശ നിക്ഷേപം കൂടുതൽ ആകർഷിക്കുന്നതിനു വേണ്ടി പ്രവാസികൾക്ക് 2% സ്പെഷ്യൽ റിബേറ്റ് നൽകിയും വ്യവസായ സംരംഭകർക്കായി പ്രത്യേക ആനുകൂല്യങ്ങൾ പ്രഖ്യാപിച്ചിട്ടുണ്ട്. കൂടാതെ പ്രവാസികളുടെ നിക്ഷേപം ആകർഷിക്കുന്നതിനായി ഈ കാലയളവിൽ പ്രവാസികൾ പ്രൊമോട്ട് ചെയ്യുന്ന (50% എങ്കിലും പ്രവാസികളുടെ മൂലധനം ഉള്ള) കമ്പനികൾക്ക് കെ.എസ്.ഐ.ഡി.സി അനുമതി നൽകുന്ന ലോണുകളിൽ 2% പലിശ ഇളവു നൽകുന്നതായിരിക്കും. |

(തുടർച്ച....2)

വ്യവസായ വാണിജ്യ ഡയറക്ടറേറ്റ് പുതിയ വ്യവസായ സംരംഭകർക്കുവേണ്ടി നടപ്പിലാക്കി വരുന്ന പദ്ധതികൾ അനുബന്ധമായി ചേർത്തിരിക്കുന്നു.

(ബി) പട്ടിക ജാതി-പട്ടികവർഗ്ഗ വിഭാഗത്തിൽപ്പെട്ടവരായ വ്യവസായ സംരംഭകർക്ക് പ്രത്യേക പദ്ധതികൾ നിലവിലുണ്ടോ ; എങ്കിൽ വിശദമാക്കുമോ ?

(ബി) ഉണ്ട്. പട്ടികജാതി പട്ടികവർഗ്ഗ വ്യവസായ സഹകരണ സംഘങ്ങൾക്ക് താഴെപ്പറയുന്ന പദ്ധതികൾ നടപ്പിലാക്കി വരുന്നു

1) ഗവൺമെന്റ് ഓഹരി പങ്കാളിത്തം.
2) മെഷീനറി ഗ്രാന്റ്.
3) SCP-Pooled Fund-ൽ നിന്നും സംരംഭങ്ങൾ സ്ഥാപിക്കുന്നതിനും വിപുലീകരിക്കുന്നതും വ്യവസായ സഹകരണ സംഘങ്ങൾക്ക് പദ്ധതിയുടെ പ്രായോഗികതയുടെ അടിസ്ഥാനത്തിൽ ഗ്രാന്റ് നൽകിവരുന്നു.

**സെക്ഷൻ ഓഫീസർ**

## അനുബന്ധം

1. കമ്പോള വിലയിലും താഴ്ന്ന വിലയ്ക്ക് വ്യവസായ നടത്തിപ്പിനായി അടിസ്ഥാന സൗകര്യങ്ങൾ വികസിപ്പിച്ച് ഭൂമി നൽകൽ.
2. ചെറുകിട ഇടത്തരം വ്യവസായ സംരംഭകർക്ക് വേണ്ട മൂലധന വായ്പ ബാങ്കുകളും ധനകാര്യ സ്ഥാപനങ്ങളും മുഖേന ലഭ്യമാക്കുന്നു.
3. സംസ്ഥാന നിക്ഷേപ സബ്സിഡി നൽകൽ.
4. വനിതാ വ്യവസായ സംരംഭകർക്ക് വനിതാ വ്യവസായ പദ്ധതിയിൻ കീഴിൽ മാർജിൻ മണി ഗ്രാന്റ്, മാർക്കറ്റിംഗ് അസിസ്റ്റൻസ്, പരിശീലനം എന്നിവ നല്കുന്നു.
5. ഏകജാലക സംവിധാനങ്ങളിലൂടെ (ഗ്രീൻ ചാനൽ കൗണ്ടർ) ക്ലിയറൻസുകളും ലൈസൻസുകളും വേഗമാക്കൽ.
6. വ്യവസായ സംരംഭകർക്ക് സെമിനാറുകളും പരിശീലനവും നല്കിവരുന്നു.
7. പ്രദർശന വിപണന മേളകളിലൂടെ ഉല്പന്നങ്ങൾ വില്പന നടത്തുന്നതിന് സൗകര്യം ഒരുക്കുന്നു.
8. വ്യവസായ സംരംഭകർക്കാവശ്യമായ ഹാന്റ് ഹോൾഡിംഗ് സർവ്വീസ് നടത്തുന്നു.
9. ലഘു ചെറുകിട സംരംഭകരുടെ ഉല്പന്ന വില്പനയിലൂടെ ലഭിക്കേണ്ട തുക ലഭ്യമാക്കുന്നതിനുള്ള തർക്കങ്ങൾ പരിഹരിച്ച് തുക ലഭ്യമാക്കാൻ മൈക്രോ സ്മാൾ എന്റർപ്രൈസസ് ഫെസിലിറ്റേഷൻ കൗൺസിൽ രൂപീകരിച്ച് പ്രവർത്തിച്ചു വരുന്നു.
10. വ്യവസായത്തിന് ആവശ്യമായ വിവരങ്ങൾ വെബ്സൈറ്റിലൂടെ നല്കുന്നതിനായി സംവിധാനം.
11. കാർഷികാധിഷ്ഠിത ഭക്ഷ്യസംസ്കരണ വ്യവസായങ്ങൾക്കുള്ള പ്രത്യേക സാമ്പത്തിക സഹായങ്ങൾ.
12. വ്യവസായ സഹകരണ മേഖലയ്ക്കും കരകൗശല മേഖലയ്ക്കും പ്രത്യേക ആനുകൂല്യങ്ങൾ.
13. അസംസ്കൃത വസ്തുക്കൾക്ക് എസൻഷ്യാലിറ്റി സർട്ടിഫിക്കറ്റ് നൽകുന്നു..
14. സാങ്കേതിക വിദ്യാ വികസന നിധി.
15. ഗവേഷണ കേന്ദ്രങ്ങൾ, ഗവേഷണ ലബോറട്ടറികൾ എന്നിവയിൽ നിന്നുള്ള സാങ്കേതിക ജ്ഞാനം വാണിജ്യാടിസ്ഥാനത്തിൽ ലഭ്യമാക്കുന്നു.
16. പരിശീലനം ലഭിച്ച ഉദ്യോഗസ്ഥരുടെ സേവനം ക്ലസ്റ്റർ വികസനം സാധ്യമാക്കാൻ പ്രയോജനപ്പെടുത്തുന്നു.
17. വ്യവസായം തുടങ്ങുന്നതിനാവശ്യമായ വായ്പ ധനകാര്യ സ്ഥാപനങ്ങളിൽ നിന്നും ലഭ്യമാക്കുന്നതിനുള്ള സഹായം.
18. കേരളത്തിൽ സ്ഥലത്തിന്റെ പരിമിതി പരിഗണിച്ച് കുറഞ്ഞ സ്ഥലത്ത് കൂടുതൽ സംരംഭം ആരംഭിക്കുന്നതിലേയ്ക്ക് ബഹുനില വ്യവസായ എസ്റ്റേറ്റ് നിർമ്മിക്കുന്നതിനുള്ള നടപടികൾ .
19. ഫ്രൂട്ട് & വെജിറ്റബിൾ പ്രോസസിംഗ് യൂണിറ്റുകൾക്ക് ടേൺഓവർ സബ്സിഡി നൽകുന്നു.
20. സിജിറ്റിഎംഎസ്ഇ സ്കീമിൽ ജാമ്യരഹിത വായ്പ എടുത്തവർക്ക് അവർ ഒടുക്കിയിട്ടുള്ള ഒറ്റത്തവണ ഗ്യാരന്റി ഫീസ്, വാർഷിക സർവ്വീസ് ഫീസ് എന്നിവ വ്യവസായ വകുപ്പ് തിരികെ നൽകുന്നു
21. 5 ലക്ഷം രൂപവരെ മുതൽമുടക്ക് വരുന്ന മൈക്രോ എന്റർപ്രൈസസുകൾ സ്ഥാപിക്കുന്നതിന് 1 ലക്ഷം രൂപ വരെ ബാങ്ക് വായ്പയക്ക് മാർജിൻ മണി ഗ്രാന്റായി നൽകുന്നു